പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1598 11.08.2017-ലെ മറുപടിക്ക്

**കോന്നി കെ. എസ്.ആർ.ടി.സി .ഡിപ്പോയുടെ നിർമ്മാണപ്രവർത്തനം**

ചോദ്യം
ശ്രീ. അടൂർ പ്രകാശ്

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോന്നി കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ നിർമ്മാണപ്രവർത്തനം മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുന്നതിലേയ്ക്ക് നാളിതുവരെ എന്തെല്ലാം നടപടികൾ കൈകൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ; | (ബി) യും (സി) യും | 30.06.2017-ൽ പ്രവൃത്തി നിർത്തി വച്ചതിനെ സംബന്ധിച്ച് കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. അതിന് മറുപടിയായി 13.07.2017 ൽ കരാറുകാരൻ pendingbill കിട്ടിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളു എന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരന് നൽകാനുള്ള മൂന്നാമത്തെ പാർട്ട്ബിൽ തുകയായ 5110178/-രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | എന്തുകൊണ്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങികിടക്കുന്നത്; ആരുടെ ഭാഗത്തു നിന്നുള്ള വീഴ്ച മൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | | |
| (ഡി) | എം.എൽ.എ ഫണ്ടിൽ നിന്നും എത്ര രൂപയാണ് നാളിതുവരെ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? കൂടാതെ മറ്റ് ഏതെങ്കിലും ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; | (ഡി) | എം.എൽ.എ ഫണ്ടിൽ നിന്നും 3 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 1,15,58,494/- രൂപ ബിൽ തുകയായി കരാറുകാരന് അനുവദിച്ചു നൽകിയിട്ടുണ്ട്. മറ്റ് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | നാളിതുവരെ അനുവദിച്ചിട്ടുള്ള തുക യിൽ നിന്നും കരാറുകാർക്ക് എന്ത് തുക നൽകിയെന്ന് വ്യക്തമാക്കു മോ ; | (ഇ) | 1st പാർട്ട് ബിൽ തുകയായി 73,19,120/- രൂപയും 2nd ബിൽ തുകയായി 42,39,374/- രൂപയും ഉൾപ്പടെ ആകെ 1,15,58,494/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. |
| (എഫ്) | എന്നത്തേക്ക് പണികൾ പൂർത്തീ കരിച്ച് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ? | (എഫ്) | കരാറുകാരന് മൂന്നാമത്തെ പാർട്ട് ബിൽ തുക ഉടനെ നല്കുമെന്നതിനാൽ നിർമ്മാണ പ്രവർ ത്തനം എത്രയും വേഗം പൂർത്തിയാക്കാൻ കരാറുകാരനോട് ആവശ്യപ്പെടുന്നതാണ്. |

**സെക്ഷൻ ഓഫീസർ**